**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3305** **13-07-2022 - ൽ മറുപടിയ്ക്ക്**

**അരുക്കുറ്റി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ അരുക്കുറ്റി വില്ലേജ് ഓഫീസ് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും ആയത് പൂർത്തിയായിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ? | (ബി) | അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി വില്ലേജ് ഓഫീസ് പുതുക്കി പണിയുന്നതിന് 2018-19 പ്ലാൻ സ്കീം പ്രകാരം 44 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയതിന്റെ അടിസ്ഥാനത്തിൽ അരൂക്കുറ്റി വില്ലേജ് ഓഫീസിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും നിർമ്മാണ സ്ഥലം CRZ-ന്റെ പരിധിയിൽ NDZ മേഖലയിൽ വന്നതായുള്ള ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവച്ചിരുന്നതും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാക്കി നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ